"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സർക്കാർ)

എ6/4737/13(2)

തൈക്കാട് തിരുവനന്തപുരം-14
തീയതി.15.05.2013

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
## (നിലവിൽ: കെ.ബിജു,ഐ.എ.എസ്.)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പാൾ ക്ലാസ്സ്-II /ട്രെയിനിംഗ് ആഫീസർ/വൈസ് പ്രിൻസിപ്പാൾ തസ്തികകളിലെ 2013 ലെ പൊതുസ്ഥലംമാറ്റം- ഉത്തരവ് പുനക്രമീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: ട്രെയിനിംഗ് ഡയറക്ടറുടെ 15.03.13 ലെ എ6/4737/13 നമ്പർഉത്തരവ്.

-----------

പരാമർശം പ്രകാരം ഈ വകുപ്പിലെ പ്രിൻസിപ്പാൾ ക്ലാസ്സ്-II/ ട്രെയിനിംഗ് ആഫീസർ/വൈസ് പ്രിൻസിപ്പാൾ തസ്തികയിലെ ജീവനക്കാരുടെ 2013 ലെ പൊതു സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയത് ഉത്തരവിൽ ക്രമ നമ്പർ (9) ശ്രീ.പി.വാസുദേവൻ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥാപനം ആയ ഐ.ടി.ഐ. കൽപ്പറ്റ പ്രോജക്ട് ഐ.ടി.ഐ. ആയതിനാലും, പ്രോജക്ടിന്റെ അവസാന കാലഘട്ടമായതിനാലും ടിയാന്റെ സേവനം അത്യന്താപേക്ഷിതമാണെന്ന് അഡീഷണൽ സ്റ്റേറ്റ് പോജക്റ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് അപേക്ഷ പരിഗണിച്ച് ശ്രീ.പി.വാസുദേവൻ, പ്രിൻസിപ്പാൾ ക്ലാസ്സ്-IIനെ ഐ.ടി.ഐ. കൽപ്പറ്റയിൽ പ്രോജക്ടിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി താല്ക്കാലികമായി നിലനിർത്തി ഉത്തരവാകുന്നു. ആയതിനാൽ ചുവടെ ചേർക്കും വിധം പരാമർശം ഉത്തരവ് പുനക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ സേവനം ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|
| 1. | എം.എ. ബാലകൃഷ്ണൻ<br>വൈസ് പ്രിൻസിപ്പാൾ<br>ഐ.ടി.ഐ. കണ്ണൂർ | പ്രിൻസിപ്പാൾ ക്ലാസ്സ്-II<br>ഐ.ടി.ഐ. (വ)<br>നെന്മേനി | അപേക്ഷ |
| 2. | പി.വി. ചിത്രാംഗദൻ<br>പ്രിൻസിപ്പാൾ ക്ലാസ്സ്-II<br>ഐ.ടി.ഐ. പുഴക്കാട്ടിരി | പ്രിൻസിപ്പാൾ ക്ലാസ്സ്-II<br>ഐ.ടി.ഐ.<br>തിരുവമ്പാടി | (അബ്ദുൾ ലത്തീഫിന് സ്ഥലംമാറ്റം നൽകുന്നതിന്) |
| 3. | പി.അബ്ദുൾ ലത്തീഫ്<br>പ്രിൻസിപ്പാൾ ക്ലാസ്സ്-II<br>ഐ.ടി.ഐ. (വ) നെന്മേനി | പ്രിൻസിപ്പാൾ ക്ലാസ്സ്-II<br>ഐ.ടി.ഐ<br>പുഴക്കാട്ടിരി | അപേക്ഷ |

ക്രമ നമ്പർ (2) ശ്രീ. പി.വി.ചിത്രാംഗദൻ പ്രിൻസിപ്പാൾ ഐ.ടി.ഐ. തിരുവമ്പാടിയുടെ ചാർജ്ജ്, ശ്രീ.പി.ഉമ്മർ, പ്രിൻസിപ്പാൾ ക്ലാസ്സ്-II വിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്. പരാമർശം ഉത്തരവിലെ മറ്റ് എല്ലാ സ്ഥലംമാറ്റങ്ങളും നിർദ്ദേശങ്ങളും നിലനിർത്തി ഉത്തരവാകുന്നു.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ, കേരള
2. സി.എ. - ഡി.റ്റി, എ.ഡിറ്റി., ജെ.ഡി
3. വകുപ്പ് വെബ്സൈറ്റ്

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്